**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - അമൃതം ന്യൂട്രീമിക്സിന്റെ വില ജി.എസ്.റ്റി ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1450/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 25/05/2018**

---

പരാമർശം:- 1) 20.05.2011-ലെ സ.ഉ(സാധാ)നം.1252/2011/തസ്വഭവ

2) 19.01.2017 ലെ സ.ഉ. (സാധാ) നം. 159/2017/തസ്വഭവ

3) 05.3.2018-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം 4.119

4.) 21.03.2018-ലെ സ.ഉ(സാധാ)758/2018/തസ്വഭവ

5) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.03.2018 ലെ 4189-എം-2010/KSHO നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (3) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനത്തിന്റെയടിസ്ഥാനത്തിൽ അമൃതം ന്യൂട്രീമിക്സിന്റെ വില 2018 ജൂലൈ 1 മുതൽ ഒക്ടോബർ 18 വരെ 83 രൂപയായും നവംബർ മുതൽ 73 രൂപ 50 പൈസ ആയും പുനർ നിർണ്ണയിച്ച് സൂചന(4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2017 ജൂലൈ 1 തുടങ്ങി ഒക്ടോബർ മാസം 18 വരെയാണ് ജി.എസ്.ടി നിരക്കിന്റെ കാലാവധി വരേണ്ടിയിരുന്നതെന്നും കോ-ഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനത്തിന്റെ നടപടിക്കുറിപ്പിൽ തിരുത്തൽ വരുത്തിയ സാഹചര്യത്തിൽ തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സൂചന(5) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അമൃതം ന്യൂട്രിമിക്സിന്റെ വില 2017 ജൂലൈ 1 മുതൽ ഒക്ടോബർ 17 വരെ ജി.എസ്.ടി ഉൾപ്പെടുത്തി കിലോയ്ക്ക് 83 രൂപയായും നവംബർ മുതൽ ജി.എസ്.ടി 5% ആയതിനാൽ ജി.എസ്.ടി ഉൾപ്പെടുത്തി 73 രൂപ 50 പൈസ ആയും പുനർനിർണയിച്ച് സൂചന (4) ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീകല.സി.എസ്**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**